**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6876** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന ഡിജിറ്റൽ റീസർവേ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ റീസർവെ പദ്ധതി പ്രകാരം ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും നിലവിലുള്ള ഉദ്യോഗസ്ഥർക്ക് പുറമേ കൂടുതൽ ഉദ്യോഗസ്ഥരെ ഇതിനായി നിയമിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; വിശദമാക്കുമോ; | (ബി) | 2022 നവംബർ മാസം മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ റീസർവെ പദ്ധതി പ്രകാരമുള്ള സർവെ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.<br><br>ഡിജിറ്റൽ സർവെയോടനുബന്ധിച്ച് ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി 1500 സർവെയർമാരെയും, 3200 ഹെൽപ്പർമാരെയും കരാർ അടിസ്ഥാനത്തിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ സർവെയർമാരുടെ എഴുത്ത് പരീക്ഷയും, ഇന്റർവ്യൂവും നടത്തി സർവെയർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ഹെൽപ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള എഴുത്ത് പരീക്ഷ, ഇന്റർവ്യൂ നടപടികൾ പൂർത്തിയാക്കി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതും, തുടർ നടപടികൾ ജില്ലകളിൽ സ്വീകരിച്ച് വരുന്നതുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (സി) | സംസ്ഥാനത്ത് 2022 നവംബർ മാസം ആരംഭിച്ച ഡിജിറ്റൽ റീസർവെ പദ്ധതി പ്രകാരം ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും സർവെ ചെയ്ത് ആകെ 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ 200 വില്ലേജുകളിലാണ് |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ റീസർവെ ആരംഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ നിലവിലെ ജില്ല തിരിച്ചുള്ളപുരോഗതി വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ. നം | ജില്ല | ഡിജിറ്റൽ റീസർവെ പൂർത്തീകരിച്ച വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | തിരുവനന്തപുരം | 2465.67 |
| 2 | കൊല്ലം | 1329.83 |
| 3 | പത്തനംതിട്ട | 1298.07 |
| 4 | ആലപ്പുഴ | 723.16 |
| 5 | കോട്ടയം | 946.12 |
| 6 | ഇടുക്കി | 2229.34 |
| 7 | എറണാകുളം | 999.62 |
| 8 | തൃശ്ശൂർ | 1478.51 |
| 9 | പാലക്കാട് | 1439.55 |
| 10 | മലപ്പുറം | 1275.50 |
| 11 | കോഴിക്കോട് | 1432.21 |
| 12 | വയനാട് | 836.08 |
| 13 | കണ്ണൂർ | 1428.21 |
| 14 | കാസർഗോഡ് | 1834.87 |